# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ 197

*നമ്മുടെ അധികാരത്തിൽപ്പെട്ട ഗൾഫ് മേഖലയിലെ സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, സഭാ പ്രതിനിധി മണ്ഡലാംഗങ്ങളും ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,

ഇപ്പോൾ നിലവിലുള്ള സഭാ കൗൺസിലിന്റെ കാലാവധി 2014 സെപ്റ്റംബർ 9, 10, 11 (ചൊവ്വാ, ബുധൻ, വ്യാഴം) എന്നീ തീയതികളിൽ നടക്കുന്ന സഭാ പ്രതിനിധി മണ്ഡലയോഗത്തോടു കൂടി അവസാനിക്കുകയാണല്ലോ. സഭാ ഭരണഘടന 164 (3) വകുപ്പിൻ പ്രകാരം പുതിയ സഭാ കൗൺസിൽ തെരഞ്ഞെടുപ്പ് പുതിയ മണ്ഡലത്തിന്റെ ആദ്യ യോഗത്തിന് മുൻപ് പൂർത്തീകരിക്കേണ്ടതാണ്. ഇക്കാര്യങ്ങൾ മെത്രാപ്പോലീത്താ യുടെ 196-ാം നമ്പർ കല്പന പ്രകാരം ഏവരെയും അറിയിച്ചിട്ടുള്ളതാണ്.

സഭാ ഭരണഘടന 164 (1) (എ) വകുപ്പ് അനുസരിച്ച് ഗൾഫ് മേഖലയിലെ ഇടവക കളിൽ നിന്നും സഭാ കൗൺസിലിലേക്ക് ഒരു അത്മായ പ്രതിനിധി തെരഞ്ഞെ ടുക്കപ്പെടേണ്ടതാണ്. ബാലറ്റ് മുഖേന നടത്തപ്പെടുന്ന ഈ തെരഞ്ഞെടുപ്പ് സംബന്ധിച്ച് താഴെപ്പറയുന്ന തെരഞ്ഞെടുപ്പ് ചട്ടങ്ങൾ നിശ്ചയിച്ചിട്ടുള്ളതും അവ എല്ലാവരുടെയും അറിവിനായി പരസ്യപ്പെടുത്തുന്നതുമാകുന്നു. ഇതനുസരിച്ച് ഗൾഫ് മേഖലയിലെ എല്ലാ മണ്ഡലാംഗങ്ങളും പെരുമാറണമെന്നു ഉദ്ബോധിപ്പിക്കുന്നു.

1. വകുപ്പ് 164(2)(ബി) അനുസരിച്ച് ഗൾഫ് മേഖലയിൽ നിന്നും സഭാ കൗൺസിൽ അംഗത്തെ തെരഞ്ഞെടുക്കുന്നത് സൗകര്യാർത്ഥം പോസ്റ്റൽ ബാലറ്റ് മുഖേന നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു.

2. ഗൾഫ് മേഖലയിലെ തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള ക്രമീകരണങ്ങൾ മെത്രാ പ്പോലീത്താ നേരിട്ട് ചെയ്യുന്നതായിരിക്കും..

3. വോട്ടേഴ്സ് ലിസ്റ്റ് ഇതു സഹിതം അയയ്ക്കുന്നു. വോട്ടേഴ്സ് ലിസ്റ്റ് സംബ ന്ധിച്ച് എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ 2014 ജൂലൈ 22-ാം തീയതി ചൊവ്വാഴ്ച 5.00 പി.എം.ന് മുമ്പ് മെത്രാപ്പോലീത്തായെ അറിയിച്ചിരിക്കേണ്ടതാ ണ്. മെത്രാപ്പോലീത്തായുടെ തീരുമാനം അന്തിമമായിരിക്കും.

4. ആക്ഷേപ നടപടികൾക്ക് ശേഷം അന്തിമ വോട്ടർപട്ടിക 2014 ജൂലൈ 22-ാം തീയതി ചൊവ്വാഴ്ച 6.00 പി.എം.ന് സഭാ ആഫീസിലും, സഭയുടെ വെബ്സൈറ്റിലും, പ്രസിദ്ധീകരിക്കുന്നതാണ്. പ്രാദേശികമായ പ്രസക്ത ഭാഗങ്ങൾ ഗൾഫ് മേഖലയിലെ ഇടവക വികാരിമാർക്ക് അയക്കുന്നതാണ്.

5. തെരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രികകൾ സ്വീകരിക്കുന്നത് മേൽപ്പറഞ്ഞ ലിസ്റ്റിൽ നിന്നുമുള്ള പേരുകൾ മാത്രമായിരിക്കും.

6. നാമനിർദ്ദേശ പത്രികകൾ നിർദ്ദിഷ്ട ഫാറത്തിൽ 2014 ആഗസ്റ്റ് 6–ാം തീയതി ബുധനാഴ്ച 5.00 പി. എം. ന് മുമ്പായി വരണാധികാരിയ്ക്ക് തിരുവല്ലാ പൂലാ ത്തീൻ ആഫീസിൽ ലഭിച്ചിരിക്കണം. അതിനു ശേഷം ലഭിക്കുന്ന പത്രിക കൾ സ്വീകരിക്കുന്നതല്ല.

[P.T.O]

7. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന 2014 ആഗസ്റ്റ് 6–ാം തീയതി ബുധനാഴ്ച 6.00 പി. എം. ന് പൂലാത്തീനിൽ മെത്രാപ്പോലീത്തായുടെ മേൽനോട്ടത്തിൽ നടത്തുന്നതാണ്.

8. സൂക്ഷ്മ പരിശോധനക്കു ശേഷം സ്വീകരിക്കപ്പെട്ട പേരുകൾ സഭാ ആഫീസിൽ അന്നുതന്നെ പ്രസിദ്ധപ്പെടുത്തുന്നതും സ്ഥാനാർത്ഥികൾക്ക് സഭാ ആഫീസിൽ നിന്നും വിവരം ചോദിച്ചു മനസിലാക്കാവുന്നതുമാണ്.

9. നാമനിർദ്ദേശ പത്രികകൾ രേഖാമൂലം പിൻവലിക്കുന്നതിന് താല്പര്യമുള്ളവർ വികാരിയിൽ കൂടി 2014 ആഗസ്റ്റ് 12–ാം തീയതി ചൊവ്വാഴ്ച 5.00 പി.എം.ന് മുമ്പായി പൂലാത്തീനിൽ രേഖാമൂലം ലഭിച്ചിരിക്കേണ്ടതാണ്.

10. സ്ഥാനാർത്ഥികളുടെ പൂർണ്ണ ലിസ്റ്റ് അന്തിമ രൂപത്തിൽ 2014 ആഗസ്റ്റ് 12–ാം തീയതി ചൊവ്വാഴ്ച 6.00 പി.എം.ന് സഭാ ആഫീസിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഈ ലിസ്റ്റ് സ്ഥാനാർത്ഥികളുടെ വികാരിമാരെ email മുഖേന അറിയിക്കുന്നതാണ്.

11. ഗൾഫ് മേഖലയിലെ മണ്ഡലാംഗങ്ങൾക്ക് 2014 ആഗസ്റ്റ് 13–ാം തീയതി ബുധനാഴ്ച ബാലറ്റ് പേപ്പറും നിർദ്ദേശങ്ങളും രജിസ്റ്റേർഡ് പോസ്റ്റ് – അക്നോളഡ്ജ്മെന്റ് ഡ്യൂ / കൊറിയർ സർവ്വീസ് / സ്പീഡ് പോസ്റ്റ് ആയി അയച്ചു തരുന്നതാണ്. വരണാധികാരി അയച്ചുതരുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് മണ്ഡലാംഗങ്ങൾ വോട്ട് രേഖപ്പെടുത്തിയ ബാലറ്റ് പേപ്പർ 2014 ആഗസ്റ്റ് 29–ാം തീയതി വെള്ളിയാഴ്ച 5.00 പി.എം.ന് മുമ്പായി ലഭിക്കത്തക്കരീതിയിൽ രജിസ്റ്റേർഡ് പോസ്റ്റ് / കൊറിയർ സർവ്വീസ് / സ്പീഡ് പോസ്റ്റ് ആയി വരണാധികാരിയുടെ പേർക്ക് പൂലാത്തീൻ ആഫീസിലേക്ക് അയച്ചുകൊടുക്കേണ്ടതാണ്. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന ബാലറ്റ് പേപ്പർ സ്വീകരിക്കുന്നതല്ല.

12. നാമനിർദ്ദേശ പത്രികയുടെ മാതൃക ഇതോടൊപ്പം അയയ്ക്കുന്നു.

13. 2014 ആഗസ്റ്റ് 30–ാം തീയതി ശനിയാഴ്ച 11.00 എ. എം.–ന് വരണാധികാരിയുടെ മേൽനോട്ടത്തിൽ തിരുവല്ലാ പൂലാത്തീനിൽവച്ച് വോട്ടുകൾ എണ്ണിതിട്ടപ്പെടുത്തി ഫലം പ്രഖ്യാപിക്കുന്നതായിരിക്കും.

ഈ തെരഞ്ഞെടുപ്പുകൾ ദൈവനാമമഹത്വത്തിനായി ഭവിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2014 ജൂലൈ 9–ാം തീയതി,



ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ

# മലങ്കര മാർത്തോമ്മാ സുറിയാനി സഭാ പ്രതിനിധി മണ്ഡലം

## നാമനിർദ്ദേശ പത്രിക

ഏത് സ്ഥാനം ..........................................................................................

| സ്ഥാനാർത്ഥിയുടെ പേരും മേൽവിലാസവും | സ്ത്രീ/ പുരുഷൻ | രജിസ്റ്റർ നമ്പർ | ഇടവക | ഭദ്രാസനം | ഒപ്പ് |
|---|---|---|---|---|---|
| | | | | | |
| **നിർദ്ദേശകന്റെ പേരും മേൽവിലാസവും** | **സ്ത്രീ/ പുരുഷൻ** | **രജിസ്റ്റർ നമ്പർ** | **ഇടവക** | **ഭദ്രാസനം** | **ഒപ്പ്** |
| | | | | | |
| **അനുവാദകന്റെ പേരും മേൽവിലാസവും** | **സ്ത്രീ/ പുരുഷൻ** | **രജിസ്റ്റർ നമ്പർ** | **ഇടവക** | **ഭദ്രാസനം** | **ഒപ്പ്** |
| | | | | | |

മേൽപറഞ്ഞിരിക്കുന്ന സ്ഥാനത്തേക്ക് ഞാൻ സ്ഥാനാർത്ഥിയാകുന്നതിന് സമ്മതിച്ചിരിക്കുന്നു.

സ്ഥാനാർത്ഥിയുടെ പേര് :.......................................................................

മേൽവിലാസം :.........................................................................
.........................................................................
.........................................................................

സ്ഥലം...............................

തീയതി............................. ഒപ്പ്.............................

---

നോട്ട് :—1) ഹാജർ ടിക്കറ്റിൽ ചേർത്തിരിക്കുന്ന നമ്പർ തന്നെ രജിസ്റ്റർ നമ്പറും വോട്ടേഴ്സ് ലിസ്റ്റിലെ നമ്പറും ആയിരിക്കും.

2) ഒന്നിൽ കൂടുതൽ സ്ഥാനങ്ങളിലേക്ക് നാമനിർദ്ദേശ പത്രികകൾ കൊടുക്കുവാൻ ആഗ്രഹിക്കുന്നവർ ഓരോ സ്ഥാനത്തേക്കും പ്രത്യേകം പ്രത്യേകം നാമനിർദ്ദേശ പത്രികകൾ സമർപ്പിക്കേണ്ടതാണ്.